# പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1124 06.02.2020 ൽ മറുപടിക്ക്**

## ദേശീയപാതാ വികസനം

| ചോദ്യം<br>ശ്രീ.പാറക്കൽ അബ്ദുല്ല | മറുപടി<br>ശ്രീ.ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
|---|---|
| (എ) ദേശീയപാത ആറുവരിയായി വികസിപ്പിക്കുന്നതിനുള്ള സ്ഥലമെടുപ്പിനായി ടെൻഡർ വിളിച്ചിട്ടും ആവശ്യമായ പുരോഗതിയില്ലെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഭൂമിയേറ്റെടുക്കൽ നടപടികൾ നല്ല രീതിയിൽ മുന്നോട്ട് പോകുന്നുണ്ട്. സ്ഥലമെടുപ്പിനു ടെണ്ടർ വിളിക്കേണ്ടതായ ആവശ്യമുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ കാസർഗോഡ് ജില്ലയിൽ വരുന്ന റോഡ്, രണ്ടു പ്രോജക്ടുകളായി ടെണ്ടർ ചെയ്തിട്ടുണ്ടെങ്കിലും കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിന്റെ SFC (Standing Finance Committee) ചേർന്ന് അംഗീകാരം നൽകാൻ കാലതാമസമുണ്ടായിട്ടുണ്ട്. ഏകദേശം ഒരു വർഷത്തോളമായി കാലതാമസമാണ്. സംസ്ഥാന സർക്കാർ ഭൂമിയെടുപ്പിനുള്ള വിലയുടെ 25% നൽകാമെന്നു സമ്മതിച്ചതിനു ശേഷവും 4 മാസത്തോളം SFC യുടെ അംഗീകാരത്തിനായി കാക്കുകയാണ്. സംസ്ഥാന സർക്കാർ ചെയ്യേണ്ട കാര്യങ്ങൾ എല്ലാം ചെയ്തിട്ടുണ്ട്. |
| (ബി) സ്ഥലത്തിനു പണമാവശ്യപ്പെട്ടുകൊണ്ടുള്ള അപേക്ഷകൾ ദേശീയപാത അതോറിറ്റി മടക്കുന്ന സാഹചര്യമുണ്ടോ; കോഴിക്കോട് മേഖലാ ഓഫീസിൽ മാത്രം 150 കോടി രൂപയുടെ ഇത്തരം അപേക്ഷകൾ മടക്കുകയുണ്ടായോ; | (ബി) ബന്ധപ്പെട്ട CALA യൂണിറ്റുകൾ 2013 ലെ ഭൂമി ഏറ്റെടുക്കൽ നിയമപ്രകാരം തയ്യാറാക്കി അയച്ച പ്രൊപ്പോസലുകൾ ദേശീയപാത അതോറിറ്റി റീജിയണൽ ഓഫീസിൽ പ്രോസസ് ചെയ്തുകൊണ്ടിരിക്കുകയാണ്. |
| (സി) സംസ്ഥാന സർക്കാർ നൽകാമെന്നേറ്റ 25 ശതമാനം തുക കിട്ടാത്തതാണു പ്രതിസന്ധിക്കു കാരണമെന്ന അഭിപ്രായം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതു പരിഹരിക്കാൻ എന്തൊക്കെ നടപടികൾ കൈക്കൊള്ളുമെന്ന് വ്യക്തമാക്കുമോ? | (സി) സംസ്ഥാന സർക്കാർ വിഹിതം നൽകുന്നതിന് എന്തെങ്കിലും തടസ്സങ്ങളുള്ളതായി ശ്രദ്ധയിൽപെട്ടിട്ടില്ല. NHAI ആവശ്യപ്പെട്ട പ്രകാരമുള്ള സംസ്ഥാന വിഹിതത്തിന്റെ ആദ്യഗഡുതുക പൊതുമരാമത്ത് വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ അക്കൗണ്ടിൽ ഇതിനകം കിഫ്ബി നിക്ഷേപിച്ചിട്ടുണ്ട്. CALA ഓഫീസർ പണം ആവശ്യപ്പെടുന്ന മുറയ്ക്ക് പണം കൈമാറുന്നതാണ്. ഇന്നു വരെ അത്തരത്തിൽ പ്രതിസന്ധിയുള്ളതായോ സംസ്ഥാന വിഹിതം കിട്ടുന്നതിൽ തടസ്സമുള്ളതായോ NHAI അറിയിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ